# ഓർമ്മകളുടെ ഇടനാഴികയിൽ
## (ശ്രീമതി സരോജാ വർഗ്ഗീസിന്റെ കൃതിയെ പരിചയപ്പെടുത്തൽ)

**പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.***

വൈധവ്യത്തിന്റെ ആദ്യനാളുകളിലെ ഏകാന്തതത്തടവ് നുരഞ്ഞുപൊന്തുന്ന ഓർമ്മകളുടെ കടന്നാക്രമണത്തിന്റെ കടന്നലുകളാകുന്നു. ശ്രീമതി സരോജാ വർഗ്ഗീസ്സ്, നാൽപ്പതിലേറെയുള്ള ദാമ്പത്യവർഷങ്ങൾ ഒരു DVD പോലെ, മുന്നോട്ടും പിന്നോട്ടും ചലിപ്പിച്ച്, തലയ്ക്കുള്ളിൽ സ്വജീവിതദൃശ്യങ്ങളുടെ ചിത്രക്ലിപ്പുകൾ ചേർത്ത് ദു:ഖമണിമാല കോർക്കുന്നു. അതിലെ ഓരോ മണിയെയും തിരുപ്പിടിച്ചു താലോലിച്ച്, അനുഭവങ്ങളിൽ വീണ്ടും കരഞ്ഞുജീവിച്ച്, കദനാമ്ലത്തെ നിർവ്വീര്യമാക്കി ശോകച്ഛായയെ അതിജീവിക്കുന്നു; സ്വജീവിതത്തിൽ കണ്ടതും കാണാഞ്ഞതുമായ എപിസോഡുകളുടെ ബോധധാരയിലൂടെയുള്ള പുനരാവിഷ്ക്കരണം, സ്വന്തംജീവിതത്തെ തനിയെ വിലയിരുത്തുന്ന ഉത്തരക്കടലാസ്സാക്കുന്നു; തുടർജ്ജീവിത ശാന്തിക്കും വിജയത്തിനും ആവശ്യമായ ഒറ്റമൂലികയും കൂട്ടുമൂലികയും, കാട്ടുമരങ്ങൾക്കും നാട്ടുമരങ്ങൾക്കുമിടയിൽ കണ്ടെത്തുന്നു.

ശ്രീമതി സരോജാ, ഒരാണ്ടുമുമ്പ് ഇഹലോകവാസം വെടിഞ്ഞ തന്റെ പ്രിയതമനൊത്തുള്ള ജീവിതയാത്രയിലെ നാഴികക്കല്ലുകൾ കുറിച്ചിടുകയാണ്, ഈ ഗ്രന്ഥത്തിൽ. തികച്ചും ആത്മകഥാംശം ഇടത്തിങ്ങിയ ഒരു കൃതി; പരാതികളോ പരിഭവങ്ങളോ ഇല്ലാത്ത പരിദേവനവിവരണം; ഭർത്താവ് ജോയും സരോജായും നിറഞ്ഞ പശ്ചാത്തലം; ആകാശത്തുയർന്നു നിൽക്കുന്ന കൽപ്പടവുകളിൽനിന്ന് സരോജായെ ഉറ്റുനോക്കുന്ന ജോ. അടുത്ത ചില ബന്ധുക്കളൊഴിച്ചാൽ ഒരു പ്രധാന കഥാപാത്രം പ്രകൃതിയാണ് – പ്രഭാതവും പ്രദോഷവും വാനവും ഉദ്യാനവും ജാലകത്തിലൂടെ എത്തിനോക്കുന്ന പ്രകൃതി!

മരണമെന്ന അന്ത്യവേർപാട് വിരഹസ്രോതസ്സിന്റെ കൊടുമുടിയാകുന്നു. അതിന്റെ അടങ്ങാത്ത അലകൾ നമ്മെ ചൂഴുന്നു. ചൂളംവിളിച്ചു കുതിക്കുന്ന തീവണ്ടിയുടെ ഓർമ്മ മാത്രംമതി, ആരൊക്കെയോ നമ്മെവിട്ടുപോകുന്നെന്ന തോന്നൽ ഉളവാക്കാൻ. അറൈവൽ ടെർമിനസിൽ എപ്പോഴും ആഹ്ലാദം; ഡിപാർച്ചർ ലോഞ്ചിൽ, ശോകമൂകമായി മടങ്ങുന്ന ബന്ധുമിത്രങ്ങളുടെ മങ്ങിയ ചിത്രം — ജനനവും മരണവും പോലെ.

പുരുഷൻ, സഹധർമ്മിണിയുടെ മരണാനന്തരം ശാശ്വതസ്മാരകം പടുത്തുയർത്തിയ ഉദാഹരണങ്ങൾ നിരവധി — പ്രശസ്തമായ താജ്മഹൽ പരാമർശിക്കേണ്ട ആവശ്യംപോലുമില്ല. എഴുത്തിന്റെ മേഖലയിൽ, വിയോഗദു:ഖം ശമിപ്പിക്കാനും ഇഷ്ടജനനഷ്ടവും നഷ്ടസൌഭാഗ്യവും അടയാളപ്പെടുത്താനും ടെന്നിസൺ മുതലുള്ളവരുടെ വിലാപകാവ്യങ്ങൾ എല്ലാ ഭാഷയിലും കാണാം. മലയാളത്തിൽ ഏറ്റവും അറിയപ്പെടുന്ന കൃതി നാലപ്പാടന്റെ "കണ്ണുനീർത്തുള്ളി" തന്നെ. ഭാര്യ ഭർത്താവിനായി സ്മാരകങ്ങൾ നിർമ്മിച്ച അവസരങ്ങളും ഇല്ലാതില്ല. വിക്ടോറിയാരാജ്ഞി, ടൈഫോയ്ഡിൽ മരണമടഞ്ഞ ഭർത്താവായ പ്രിൻസ് ആൽബെർട്ടിന്റെ സ്മരണയ്ക്കു ലണ്ടനിൽ സ്ഥാപിച്ച, "കെൻസിങ്ടൺ ഗാർഡ"നു അടുത്തുള്ള "റോയൽ ആൽബർട്ട് ഹാൾ" ഒരു നിദർശനം. പ്രാദേശിക ഉദാഹരണങ്ങളും കണ്ടേക്കാം. സാഹിത്യമേഖലയിൽ, മലയാളികൾക്കു സുപരിചിതമായ രണ്ടു ഭർത്തൃസ്മരണകളാണ് ശ്രീമതി ബി. കല്യാണിയമ്മയുടെ "വ്യാഴവട്ടസ്മരണകളും" ശ്രീമതി റോസി തോമാസിന്റെ "ഇവൻ എന്റെ പ്രിയ സിജെ"യും.

സരോജായുടെ സ്മരണാവലിയും ആ ക്ലബ്ബിൽ അംഗത്വം തേടുകയാണ്.

സർഗ്ഗധനരായ എഴുത്തുകാർക്ക് ആത്മസംഘർഷസംഘട്ടനങ്ങളിൽനിന്നും മുക്തിനേടാനുള്ള ഏക എളുപ്പരക്ഷാമാർഗ്ഗം, അക്ഷരനാളിയിലൂടെയുള്ള ചിന്തയുടെ പുറന്തള്ളലാണ്. മന:ശാസ്ത്രപരമായ വസ്തുതകളും ഇത്തരം കാഴ്ച്ചപ്പാടിനു പിൻബലമായിട്ടുണ്ട്. ചെയ്യാൻ കഴിയാഞ്ഞതും, ചെയ്തുതീർക്കാൻ ഇച്ഛിക്കുന്നതുമായ കാര്യങ്ങൾ എഴുത്തിലൂടെ സക്ഷാത്ക്കരിക്കപ്പെടുന്നു. സരോജായിലെ എഴുത്തുകാരി ഈ രക്ഷാമാർഗ്ഗം "സംസാരദു:ഖമോചന"ത്തിനു സ്വാഭാവികമായും തിരഞ്ഞെടുത്തിരിക്കുന്നു. ആത്മകഥാപരമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു കഴിവുതെളിയിച്ചിട്ടുള്ള മുതിർന്ന എഴുത്തുകാരിയാണ് സരോജാ. അവരുടെ മുഖ്യകൃതികളെക്കുറിച്ച് ശ്രീ. സുധീർ പണിക്കവീട്ടിൽ പഠനസ്വഭാവമുള്ള നിരൂപണലേഖനങ്ങൾ തന്റെ സമാഹരിച്ച കൃതിയിൽ (പയേറിയയിലെ പനിനീർപ്പൂക്കൾ) ഉൾപ്പെടുത്തിയിട്ടുണ്ട്.

ദാമ്പത്യജീവിതകഥയിലെ താളുകൾ ചെറുതുണ്ടങ്ങളാക്കി പങ്കുവെക്കുന്ന ലേഖിക, ജീവിതത്തിന്റെ ചൂടും ചൂരും ഈ കൊച്ചുപുസ്തകത്തിൽ അനുഭവവേദ്യമാക്കുന്നു. അടിയുറച്ച ദൈവവിശ്വാസത്തിൽ അഭയവും ആശ്രയവും ആത്മാർത്ഥമായി കണ്ടെത്തുന്ന ശ്രീമതി സരോജാ, അപ്രതീക്ഷിത സംഭവങ്ങൾക്കു വിശദീകരണം ദൈവവചനത്തിൽ കണ്ടെത്തുന്നു (It is not for you to know times or seasons which the Father has put in his own authority: The Acts, 1:7). ക്രിസ്ത്യൻ വിശ്വാസത്തിലൂന്നിയ ഈശ്വരചൈതന്യമാകുന്നു, നിലയില്ലാക്കയത്തിലെ സരോജായുടെ ലൈഫ്ബോയ്. നഷ്ടബോധനാളുകളിൽ ജനലിലൂടെ താരകങ്ങളെ നോക്കി നെടുവീർപ്പിടുകയും, അവയിലൊന്ന് തന്റെ ജോയാണെന്നു ആശ്വസിക്കുകയും ചെയ്യുന്ന സരോജായ്ക്കു വേർപാടെന്ന വിരഹത്തീ അണയ്ക്കാൻ സൈറനടിച്ചു പാഞ്ഞെത്തുന്ന അഗ്നിശമനയന്ത്രമാകുന്നു വിശ്വാസവചനങ്ങൾ. ബൈബിളിൽ അടിയുറച്ച ഈശ്വരവിശ്വാസം, ഏറെ സ്നേഹിച്ചിരുന്ന, തന്റെ വിവാഹത്തിനുമുമ്പ് ഇഹലോകവാസം വെടിഞ്ഞ വല്യമ്മച്ചിയിൽനിന്നും ആർജ്ജിച്ചതാണെന്ന് ഒരിടത്തു പരാമർശിക്കുന്നുണ്ട്. പ്രാർത്ഥനയാകുന്നു സരോജായുടെ പ്രധാന ശക്തിയെന്ന്, അർത്ഥശങ്കയ്ക്കിടയില്ലാതെ ഇതിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

കണ്ണീർമൂടിയ മനസ്സിൽ ജോയുടെ ശബ്ദം മുഴങ്ങുന്നു. പ്രിയതമൻ വിട്ടുപിരിഞ്ഞിട്ടും അദ്ദേഹത്തിന്റെ ആത്മാവും ശരീരവും തന്നോടൊത്തു വസിക്കുന്നുവെന്ന മായാവിഭ്രമ ഐന്ദ്രജാലിക പ്രതീതി. മണ്മറഞ്ഞ ഭർത്താവിന്റെ വെളിച്ചം പകരുന്ന തിരിനാളം ഓർമ്മയിൽ ഊട്ടുന്നത്, ഒരു പോസിറ്റീവ് മനസ്സിന്റെ ചിന്താത്തരംഗമാകുന്നു. ഈ സ്മാരകകഥയിലെ പ്രധാന നാഴികക്കല്ലുകൾ വിവിധ അദ്ധ്യായങ്ങളിലായി ചിതറിക്കിടക്കുന്നു. സംഭവങ്ങളുടെ കൂട്ടിക്കെട്ടൽ ഭർത്താവിനു സമർപ്പിച്ച സ്മാരക ഫലകത്തിലെ ലിഖിതങ്ങളായി തിളങ്ങുന്നു. വിവാഹക്കാലം, നാട്ടിലെ വാസം, അമേരിക്കൻ കുടിയേറ്റം, കുടുംബത്തിന്റെ വളർച്ച, മക്കളുടെ വിദ്യാഭ്യാസം, അവരുടെ കുടുംബജീവിതം, മതത്തിലൂന്നിയ ആത്മീയ ജീവിതം എന്നീ പടവുകൾ വിശദമായി വരച്ചിരിക്കുന്നു:

- കാല്പനികസ്വപ്നങ്ങൾ അയവിറക്കുന്ന പരമ്പരാഗത അന്തരീക്ഷത്തിൽ ജോയെ ആദ്യം കണ്ടുമുട്ടുന്ന പെണ്ണുകാണൽ, ശോകമൂകമായ ഇതിലെ അന്തരീക്ഷത്തിനു ഊഷ്മളവൈകാരികത പകരുന്നു – കണ്ടുമറന്ന ഒരു തിരക്കഥയിലെ സ്വപ്നരംഗം പിന്നോക്കമോടിച്ചു പുന:സന്ദർശനം ചെയ്യുന്നപോലെ! നാടൻ രീതിയിലുള്ള ഒരുതരം ഡേറ്റിങ് സമ്പ്രദായം ഇവിടെ ദർശിക്കാം. വിവാഹം ഉറപ്പിച്ചതിനുശേഷം ഇടയ്ക്കു കണ്ടുമുട്ടാൻ ലഭിച്ച അവസരങ്ങളിൽ ഭാവിവരനെ ഒളികണ്ണിട്ടുനോക്കുന്ന പെണ്ണ് ഭാവിജീവിതം മുഴുവൻ ഒരോട്ടച്ചിത്രമായി

സ്വപ്നമഷിയിൽ മുക്കി വരയ്ക്കുന്നു. നർമ്മവും നേരമ്പോക്കുകളും ഇഷ്ടപ്പെട്ടിരുന്ന, കുലീന പെരുമാറ്റമുള്ള, മൃദുവായി സംസാരിക്കുന്ന ജോ.

- മധുവിധു ദിനങ്ങളിൽ സ്നേഹത്തിന്റെ മാറ്റുരച്ചുനോക്കുന്ന അവസരങ്ങളുടെ വിവരണം, വൈധവ്യത്തിലെ തിരിഞ്ഞുനോട്ടത്തിൽ പേനത്തുമ്പുകൊണ്ടുള്ള പ്രിയപതിയുടെ ചിത്രമെഴുത്തായി മാറുന്നു. കിടപ്പുമുറിയിലുള്ള താജ്മഹളിന്റെ മാതൃക സ്മരിക്കുമ്പോൾ, ജോയെ താമരയ്ക്കു സൂര്യനെന്ന പോലെ വിശേഷിപ്പിക്കുന്നു. ഇടയ്ക്കിടെ വൈധവ്യത്തിന്റെ ഭയാനകരൂപം വരച്ചുകാട്ടുന്നുണ്ട്. ഓരോ തവണയും പുറത്തുനിന്നു കിടപ്പുമുറിക്കുള്ളിൽ കടക്കുമ്പോൾ സരോജാ ശൂന്യതാബോധത്തിന്റെ അർത്ഥം ഗ്രഹിക്കുന്നു. ജോ ഒരു റൊമാന്റിക് ഗായകനും കലയെ ആസ്വദിക്കുന്നവനും ആകുന്നുവെന്ന് വിവാഹാലോചനാസമയത്ത് അന്വേഷിച്ചില്ലെങ്കിലും, അത് മധുവിധുകാലത്ത് കണ്ടെത്തുന്നു. ഒരു ആയുഷ്ക്കാല മധുവിധു ആയിരുന്നത്രെ ജോയുടെ സ്വപ്നം!

- ഇന്ത്യൻ വ്യോമസേനയിലെ ജോലി രാജിവെച്ച് നാട്ടിൽ സർക്കാർ സർവീസിൽ ജോലിനേടിയ സരോജാ, ഭർത്തൃപാദം പിന്തുടരുന്ന പരമ്പരാഗത ഭാരതീയ വനിതയെ ഓർമ്മിപ്പിക്കുന്നു.

- ആദ്യത്തെ കണ്മണിയെ പാട്ടുപാടി കാത്തിരുന്ന ഗർഭകാലം. ജോ വരാൻ പ്രതീക്ഷയോടെയുള്ള വീട്ടിലെ കാത്തിരുപ്പ്, മരണശേഷം ഒറ്റക്കിരിക്കുമ്പോഴുള്ള ചിന്താസഞ്ചാരമായി മാറുന്നു. തത്വചിന്താപരമായി സംസാരിച്ചിരുന്ന ജോയെക്കുറിച്ചുള്ള പരാമർശം വായിച്ച ഒരു വായനക്കാരൻ എഴുതി: “I have not met Joe. But, from your writings I get a portrait of a life well lived and loved. More than that, the void you feel in his absence shows the great love and care both of you had for each other. May God bless his soul!” ജോയെ കാണാത്തവർപോലും അവരുടെ ദാമ്പത്യവസന്തത്തെ പ്രകീർത്തിക്കുന്നു – ഹൃദയസ്പർശിയായ ഭാഷയിൽ രേഖാചിത്രം വരയ്ക്കാനുള്ള സരോജായുടെ വിരുത്!

- 1972-ൽ കുടുംബത്തെവിട്ട് ന്യൂ യോർക്കിൽ ഒറ്റയ്ക്കു ജീവിച്ച ദിനങ്ങളിൽ ജോയുടെ കത്തുകളിലെ ദൈവവചനങ്ങൾ ആശ്വാസവചനങ്ങളായി മാറിയെന്നു സരോജാ ഓർക്കുന്നു: "കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും ഒരർത്ഥവും നിനക്ക് ഭവിക്കില്ല..."
  തിരിഞ്ഞുനോക്കുമ്പോൾ, സരോജാ ജോയുടെ സ്വഭാവവിശേഷത്തിലെ ചെത്തുമുഖങ്ങൾ കണ്ടെത്തുന്നു: മകളുടെ ഭാഷയിലും കലയിലുമുള്ള അഭിരുചി വളർത്താൻ കൂട്ടുനിന്ന ജോ; ആന്തരികൈക്യം ബാഹ്യപ്രകടനത്തിൽ പ്രതിഫലിപ്പിച്ച ജോ (പരസ്പരപൂരകമായി പ്രവർത്തനശൈലി പരുവപ്പെടുത്തിയ ജോ, സരോജായുടെ വസ്ത്രത്തിനനുയോജ്യമായ ഷർട്ടും ടൈയും തിരഞ്ഞെടുക്കാൻ നിഷ്ക്കർഷിച്ചിരുന്നു.); അൾത്താരബാലനായിരുന്ന ജോ; മൃദുലഭാഷിയായ ജോ; അതിഥിസൽക്കാരപ്രിയനായ ജോ; സുഹൃത്തുക്കളെയും പരിചയക്കാരെയും സഹായിക്കാൻ തല്പരനായ ജോ; കുടുംബത്തെ പരിപാലിച്ച ജോ; ബൈബിൾ വചനങ്ങളിൽ സമാശ്വാസം അനുഭവിച്ചിരുന്ന ജോ; പാടാറുള്ള സിനിമാഗാനങ്ങളിലൂടെ ജീവിക്കുന്ന ജോ; ഏകാന്തതയെ ചെറുക്കാൻ വായനയിൽ മുഴുകുമ്പോഴും, മുഴങ്ങുന്ന ഫോണിലും, കേൾക്കുന്ന ഗാനത്തിലും ജീവിക്കുന്ന ജോ; നല്ലസിനിമ കാണാനും റെസ്റ്റോറന്റിൽ ഡിന്നറിനു പോകാനും താൽപ്പര്യം കാട്ടിയ ജോ; അമേരിക്കയിലും വിദേശങ്ങളിലും യാത്രചെയ്ത്, വിശുദ്ധസ്ഥലങ്ങളും, മറ്റു തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിച്ച, കപ്പൽയാത്രാ ക്രൂസുകൾക്ക് ഒപ്പംകൂടിയ ജോ; സരോജായുടെ ഇഷ്ടം തന്റെ ഇഷ്ടമാക്കി മാറ്റിയ ജോ; പള്ളിയിൽപ്പോക്ക്

മുറതെറ്റാതെ അനുഷ്ഠിച്ചിരുന്നു ജോ; ജോർജ് വാഷിങ്ടണിന്റെ ഓർമ്മദിവസത്തിൽ പിറന്ന മകൻ, പിന്നീട് വൈറ്റ് ഹൌസിൽ ജോലിയിൽ പ്രവേശിച്ചത് അഭിമാനത്തോടെ ഓർക്കുമ്പോൾ മകനിലൂടെ കാണപ്പെടുന്ന ജോ; ലോങ് ഐലന്റിലെ വീട്ടിൽ നിരണംകാരൻ കർഷകനായി, സരോജായുടെ ചെടിത്തോട്ടത്തിനു പൂരകമായി കേരളീയ കാർഷികവിഭവങ്ങൾ വിളയിച്ച ജോ; തമാശകളാൽ സരോജായെ ചിരിപ്പിച്ചു ചിന്തിപ്പിച്ച ജോ; പാടുമ്പോൾ അതിലെ രംഗങ്ങൾ നമുക്ക് അഭിനയിച്ചു ജീവിതത്തിലെ കാല്പനികതലം വീണ്ടെടുത്തുകൂടേയെന്നു കുസൃതിയോടെ നിർദ്ദേശിക്കുന്ന ജോ; കഴിഞ്ഞ ജീവിതത്തിലെ രംഗങ്ങൾ അയവെട്ടി, ഏകാന്തത്തിൽ സംഭാഷണം നടത്തി, അദ്ദേഹം ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നെന്നു ഭ്രമാത്മകമായി വിശ്വസിച്ച സരോജായുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന മൃദുലഹൃദയനായ ജോ; നർമ്മവും തത്ത്വശാസ്ത്രവും നിറഞ്ഞ സംഭാഷണങ്ങൾ കൂടെക്കൂടെ ഓർത്ത് സമ്പന്നമായ കഴിഞ്ഞകാല ജീവിതപന്ഥാവിലൂടെ തീർത്ഥയാത്ര നടത്തവെ സഹായത്രികനാകുന്ന ജോ; വളരുന്ന കുട്ടികളെക്കുറിച്ചു ആശങ്കപ്പെടുന്ന സരോജായിൽ ശുഭാപ്തിവിശ്വാസച്ചിന്തകൾ കുത്തിവെച്ചിരുന്ന ജോ; പഠനവിഷയവും മനസ്സിനിണങ്ങിയ തൊഴിലും തിരഞ്ഞെടുക്കാൻ മക്കൾക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകിയിരുന്ന ജോ; മകൾ അനുയോജ്യനായ വരനെ വിവാഹം ചെയ്ത് അവരുടെ ജീവിതം സന്തുഷ്ടമാക്കുന്നതിനു പൂർണ്ണ പിന്തുണ നൽകിയ ജോ; മകളുടെ വിവാഹത്തലേന്നു കണവന്റെ കൂടെയാണ് മകൾ പോകുന്നതെങ്കിലും കണ്വനായി മാറുന്ന ജോ; വിവാഹത്തിനായി മകളെ അൾത്താരയിലേക്ക് കൈപിടിച്ചു കൊണ്ടുപോകുന്ന ജോ; പപ്പയുടെ മരണശേഷം അമ്മയെ വിളിച്ച് ഏറെനേരം മകൾ സംസാരിക്കുമ്പോൾ പുനർജ്ജീവിക്കുന്ന ജോ; കിടക്കയിൽ മകളുടെ കുട്ടികൾക്കൊപ്പം ചാടിക്കളിച്ചിരുന്ന ജോ; അമ്മയുടെ ഓർമ്മദിനവും കൂടിയായ പുതുവർഷനാളിൽ തിരുകർമ്മങ്ങളിൽ പങ്കെടുക്കാറുള്ള ജോ; സി.എൻ.എൻ. ചാനൽ ഇടതടവില്ലാതെ കണ്ടിരുന്ന ജോ; ദിവസവും ബൈബിൾ പാരായണം ചെയ്തിരുന്ന ജോ.

ആഗ്രഹാശ്വങ്ങളെ പിടിച്ചുകെട്ടി സഹനമന്ത്രത്താൽ ശാന്തിയും സമാധാനവും പുലർത്താൻ കളമൊരുക്കിയ ജോ; കുടുംബങ്ങളെ നശിപ്പിക്കുന്ന അക്ഷമ, സംശയം, അഹങ്കാരം, അത്യാഗ്രഹം, വിദ്വേഷം എന്നിവ മുളയിലേ നുള്ളിക്കളഞ്ഞ്, വീടിനെ സന്തുഷ്ടമാക്കി നിറുത്തിയ ജോ; അമേരിക്കയുടെ ആനുകരണീയങ്ങളായ വശങ്ങൾ ഉൾക്കൊണ്ടും, ഒപ്പം സ്വന്തം പൈതൃകം കാത്തുസൂക്ഷിച്ചും ജീവിതസന്തുലത സംരക്ഷിച്ച ജോ; മകൻ സ്റ്റെതെസ്കോപ് കഴുത്തിലിട്ട് നടക്കുമ്പോൾ അവൻ ഒരു ഡോക്ടറായികാണാൻ ആഗ്രഹിച്ച സരോജായെ, അവർ അവരുടെ ഇഷ്ടത്തിനുള്ള തൊഴിൽ കണ്ടെത്തട്ടേയെന്നു ആശ്വസിപ്പിച്ചിരുന്ന ജോ; മകൻ രാജനീതിശാസ്ത്രത്തിൽ ഔന്നത്യം വരിക്കുമെന്ന് പ്രവചിച്ച സ്കൂൾടീച്ചറുടെ വാക്കുകൾ സാക്ഷാത്കരിക്കുമ്പോൾ ഭർത്താവിന്റെ സമീപനം ശരിയെന്നു ഏറ്റുപറയുന്ന സരോജായെ മറുലോകത്തുനിന്നു വീക്ഷിക്കുന്ന ജോ; നാടൻ മൂല്യങ്ങളെയും പുതിയ സംസ്കാരത്തെയും സമന്വയിപ്പിച്ചുകൊണ്ടുപോയ വ്യക്തിത്വത്തിന്നുടമയായ ജോ; മകന്റെ ഇഷ്ടാനുസരണം വെള്ളക്കാരി യുവതിയെ വിവാഹംചെയ്യാൻ അക്ഷോഭ്യനായി അനുവാദം കൊടുക്കുന്ന ജോ; മകളുടെ മോഹത്തിനൊത്ത് കാറുകൾ മാറുന്ന ജോ; അവളുടെ ആഗ്രഹങ്ങൾ തന്റെ വീട്ടിലെങ്കിലും സാധിപ്പിച്ചു കൊടുക്കണമെന്നു വിശ്വസിച്ച പിതാവായ ജോ; നീണ്ട റോഡുയാത്രകൾ ഇഷ്ടപ്പെട്ടിരുന്ന ജോ; മദ്ധ്യവയസ്സ് കഴിയുമ്പോൾ എല്ലാവരും വെള്ളക്കാരാകുമെന്നും കരിമീശ നരമീശയാകുമെന്നും, നരയ്ക്കാൻതുടങ്ങിയ മുടി ചൂണ്ടി തമാശ പറയുന്ന ജോ; മക്കളുമൊത്ത് മഞ്ഞിൽ കളിച്ചിരുന്ന ജോ; തന്നെ അടക്കംചെയ്യുമ്പോൾ ഒപ്പം അൾത്താരാശുശ്രൂഷാക്കുപ്പായവും വെക്കണമെന്നു

ആവശ്യപ്പെട്ട ജോ.

- പ്രകാശം പരത്തുന്ന ജോയുടെ ഓർമ്മകളെ വൈധവ്യത്തിൽ താലോലിക്കുന്ന സരോജാ. ജോയുടെ കുഴിമാടത്തിൽ ശരത്കാലത്തെ പൊഴിഞ്ഞ ഇലകൾ ചവിട്ടി നീങ്ങുന്ന സരോജാ, പ്രകൃതിയുമായുള്ള മനുഷ്യബന്ധത്തെക്കുറിച്ചു ചിന്തിക്കുന്ന മനോഹരമായ ഒരു ഖണ്ഡം പത്താമദ്ധ്യായത്തിലുണ്ട് – ദു:ഖം സാഹിത്യമായി രൂപാന്തരപ്പെടുന്നതിനു നല്ലൊരുദാഹരണം. ജോയുടെ കുടീരത്തിൽ മെഴുതിരി കത്തിച്ചു പ്രാർത്ഥിക്കുമ്പോൾ പൂമരം പുഷ്പവൃഷ്ടി നടത്തുന്നെന്ന ഭ്രാന്തസ്മൃതിയിൽ വിഹരിക്കുന്ന സരോജാ. ലോകമറിയാത്ത മഹാനെന്നു ജോയെ വിശേഷിപ്പിക്കുന്ന സരോജാ. ഉപബോധമനസ്സിന്റെ ഭ്രമകൽപ്പനകളെ ചിന്തയും ഫാന്റസിയും ഹാലുസിനേഷനും കൂട്ടി വാസ്തവികത പോലെ അനുഭവിക്കുന്ന സരോജാ, വെർച്ചലാണോ യഥാർത്ഥമാണോ അനുഭവം എന്നത് തലച്ചോറിനു പ്രശ്നമേയല്ലെന്ന ശരീരശാസ്ത്ര സത്യത്തെ സാധൂകരിക്കുന്നു. ജോയുടെ ശവകുടീരം സന്ദർശിക്കാൻ ശവക്കോട്ടയിൽ എത്തുന്നനേരം സ്വപ്നമായാലോകത്ത് വാസ്തവികതയുടെ കൊടുംതണുപ്പ് അനുഭവിക്കുമ്പോൾ, സാന്ത്വനവചനങ്ങളോതി ഉണർത്തുന്നു സരോജാ. കുടുംബകല്ലറയിൽ ജോയോടൊപ്പം നിത്യശാന്തിയിൽ ലയിച്ചുറങ്ങുന്ന ദിനംപോലും ഉള്ളിൽവരച്ചു അറിയപ്പെടാത്ത അന്ത്യദിനങ്ങൾ സ്വാഗതം ചെയ്യുന്ന സരോജാ. മന്ത്രകോടി തലയിലണിയിച്ച ദിനംതൊട്ട് കല്ലറയിൽ കണ്ണീരിറ്റിയ ദിവസംവരെ സരോജാ ഒറ്റ വീർപ്പിൽ ഓർക്കുന്നു. പള്ളിമണിയുടെ മുഴക്കം അവരുടെ ജീവിതത്തിൽ ദൈവശബ്ദത്തിന്റെ പ്രച്ഛന്നദർശനമാകുന്നു.

ഒറ്റപ്പെട്ടവർ ഏറ്റവുമധികം ദു:ഖിക്കുക ഉത്സവക്കാലത്തത്രെ! ക്രിസ്തുമസ്സ് സീസണിൽ ലോകം മുഴുവൻ ആഹ്ലാദിക്കുമ്പോൾ, ജോയില്ലാത്ത ആദ്യത്തെ ക്രിസ്തുമസ്സിനെക്കുറിച്ചോർക്കുന്നത് സ്വാഭാവികമായും സരോജായെ ചിന്താകുലയാക്കുന്നു. എഴുത്തിന്റെ മായാലോകമാണ് തന്റെ ശക്തിയെന്നുള്ള തിരിച്ചറിവ് അവരെ സർവ്വദു:ഖങ്ങളിൽനിന്നും മുക്തയാക്കുന്നു. സ്വപ്നമെന്ന സ്വപാനം ആഗ്രഹമെന്ന മൃഗയാവിനോദമാക്കവെ, മനുഷ്യൻ ആകാംക്ഷാഭരിതനാകുന്നു. മോഹഭംഗത്തിന്റെ തീവ്രത ആഗ്രഹത്തിന്റെ ആഴത്തിനു ആനുപാതികമായിരിക്കും. ജോയെ വീട്ടിൽ “ഏകനാക്കി” വൈറ്റ് ഹൌസിൽ ജോലിയുള്ള മകന്റെ അരികിലേക്കു പോകുമ്പോൾ സരോജാക്ക് ആത്മസംഘർഷമുണ്ടാകുന്നു. എല്ലാ ഓർമ്മകളെയും കാലം പൂർണ്ണമായും തുടച്ചുമാറ്റുന്നില്ലെന്നു സരോജായോടൊപ്പം നാമും പഠിക്കുന്നു.

വർഷാവർത്തനങ്ങളിലെ ഓരോ ഋതുക്കളും ചക്രംചവിട്ടി ജീവിതത്താളത്തിലെ അംഗവും ഉപാംഗവുമാകവെ, വർഷത്തിലെ ഓരോ തിയ്യതിക്കും ഓരോ പ്രത്യേകതയുണ്ടെന്നു നഷ്ടദിനങ്ങളുടെ കാനേഷുമാരി നമ്മെ ഓർമ്മപ്പെടുത്തുന്നു. ജീവിതത്തിന്റെ ഏകദിശാസഞ്ചാരവും, പ്രകൃതിയുടെ ചാക്രികപരിവർത്തനവും ന്യൂ യോർക്കിലെ ഋതുഭേദങ്ങളുമായി ജോ താരതമ്യം ചെയ്യുന്ന താത്ത്വികമായ സംഭാഷണങ്ങൾ അയവിറക്കുമ്പോൾ, സരോജായോടൊപ്പം നാമും ജീവിതതാളലയങ്ങൾ അറിയുന്നു.

അന്ത്യകാലങ്ങളിൽ ഭർത്താവിനെ മതിവരോളം ശുശ്രൂഷിച്ചതിന്റെ മരിക്കാത്ത ഓർമ്മകളാണ് ചുരുക്കത്തിൽ ഈ കുറിപ്പുകൾ. എപ്പോൾ വീട്ടിലെത്തിയാലും പുഞ്ചിരിയോടെയും സന്തോഷത്തോടെയും സ്വാഗതം ചെയ്യുന്ന ജോ, നരപ്പ് മരണത്തിലേക്കുള്ള യാത്രാദൂരം അടയാളപ്പെടുത്തുന്ന നാഴികക്കല്ലാണെന്നു വിശ്വസിച്ചു. മൌനസംഭാഷണങ്ങളിലൂടെ കൂട്ടുജീവിതം ശിഥിലരംഗസമൃദ്ധിയുടെ ഫ്ലേഷ്ബേക്കാക്കി വായനാക്കാരന്റെ മനസ്സിൽ കോറിയിടുന്നു. ജോയുടെ ചിത്രത്തിനു ജീവൻ വെച്ചെങ്കിലെന്നു വെറുതെ ആശിക്കുന്ന സരോജായിലെ എഴുത്തുകാരിയൊത്ത്

സ്വപ്നലോകത്തിൽ നാമും സഞ്ചരിക്കുന്നു.

ജോയുടെ മരണവാർത്തയറിഞ്ഞ് പ്രസിഡണ്ട് ഒബാമ അനുശോചനം വിളിച്ചറിയിച്ചപ്പോഴും, പിന്നീട് ഒബാമയുമായി കൂടിക്കാഴ്ച നടത്തിയപ്പോഴും, മകൻ എത്തിയ ഉയർച്ചയ്ക്കു ജോയുടെ ജീവിതസമീപനം വഹിച്ച പങ്ക് സരോജാ നന്ദിപൂർവ്വം ഓർക്കുന്നു.

ഭാവനാസമ്പന്നയാകുന്നു സരോജാ. കാലത്തിനും കവർന്നെടുക്കാൻ കഴിയാത്ത അവരുടെ കാല്പനികഭാഷ, സർവ്വശക്ത സർഗ്ഗവിത്തുകോശങ്ങൾ മനസ്സിൽ എന്നും അവശേഷിക്കുമെന്നു നമ്മെ ബോധവൽക്കരിക്കുന്നു. ബുദ്ധിവികാസത്തിന്റെ പരിണതിയായ പാപബോധം മനുഷ്യമനസ്സിന്റെ ഉപോൽപ്പന്നമാകുന്നു. അതിനെ ഏറ്റുപറയുന്ന കുമ്പസാരമാകുന്നു, ഒരർത്ഥത്തിൽ എല്ലാത്തരം എഴുത്തും.

ദു:ഖത്തെ കണ്ണീരിൽകുതിർന്ന വാക്കുകളിൽ കഴുകിക്കളയുന്ന ആർദ്രാനുഭവം തരുന്നു ഈ സ്മരണാഞ്ജലി. ഭർത്താവിന്റെ നന്മകളെ ഒരു ശൃംഖലയായി മനസ്സിൽ താലോലിച്ച് ശിഷ്ടജീവിതയോർമ്മകളെ "ഫ്രീസ്ഷോട്ടാക്കി" സായൂജ്യം കൊള്ളുന്ന പ്രതീതി. ജോയുടെ കല്ലറയിൽ "രണ്ടാംമധുവിധു"വിനു ദൈവവിളിയ്ക്കു കാതോർത്ത്, ഓർമ്മകളുടെ "കൊളാഷി"നെ താലോലിച്ച്, നഷ്ടദു:ഖങ്ങളെ സമാധാന സമവാക്യങ്ങളാക്കുന്ന ജാലവിദ്യയാകുന്നു, സരോജായുടെ ഭർത്താവിനെക്കുറിച്ചുള്ള കാവ്യസദൃശ്യമായ ഈ ലേഖനപരമ്പര!

ഉപാധികളില്ലാതെയുള്ള ആത്മാർത്ഥമായ ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമാകുന്നു സരോജായുടെ ജീവിതദർശനം. അതിന്റെ കാണപ്പെട്ട രൂപമാണ് അവരുടെ ഭർത്താവിനോടുള്ള സമർപ്പണബോധം. ബാക്കി ജീവിതകാലം മൺമറഞ്ഞ പ്രേയസ്സന്റെ മധുരസ്മരണകളിൽ ലയിച്ച് സാഹിത്യ-സാമൂഹ്യ പ്രവർത്തനങ്ങളിൽ മുഴുകാനുള്ള തയ്യാറെടുപ്പിലാണ് ലേഖിക. അവർക്ക് എന്റെ ആശംസകൾ!

************************************************************************************************************************